**പോലീസ്** **വകുപ്പ്**

**കേരളം**

**No. B1-63671/2016/RC**

സിറ്റി പോലീസ് ഓഫീസ്,
തൃശ്ശൂർ
cptsr.pol@kerala.gov.in
04872423511
തീയതി. 13-07-2018

**<u>പുനർലേലപരസ്യം</u>**

തൃശ്ശൂർ സിറ്റി പോലീസ് മേധാവിയുടെ കാര്യാലയത്തിൽ നിന്നും അറിയിക്കുന്നത് .

തൃശ്ശൂർ ജില്ല സായുധ സേനയിൽ വിവിധ ഭാഗങ്ങളിൽ ഉണങ്ങി നിൽക്കുന്നതും മറിഞ്ഞു വീണതുമായ മരങ്ങൾ 2018 ആഗസ്റ്റ് മാസം 13- തിയ്യതി പകൽ 11 മണിക്ക് തൃശ്ശൂർ ജില്ല സായുധ സേന പരിസരത്ത് വച്ച് പരസ്യമായി പുനർ ലേലം നടത്തി വിൽക്കുന്നതാണ്.

**<u>നിബന്ധനകൾ</u>**

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിനു മുൻപ് ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും നിരതദ്രവ്യമായി 500/- രൂപ അടച്ച രശീത് കൈപറ്റേണ്ടതുമാണ്. കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിച്ചവരിൽ നിന്നും മുദ്ര വച്ച കവറിൽ ദർഘാസും സ്വീകരിക്കുന്നതാണ്. കവറിന്റെ പുറത്ത് " ജില്ല സായുധ സേന വളപ്പിലെ മരങ്ങളുടെ ലേലത്തിന്റെ ദർഘാസ് " എന്ന് എഴുതിയിരിക്കണം . ദർഘാസ് 2018 ആഗസ്റ്റ് മാസം 12 തിയ്യതി 5 PM വരെ തൃശ്ശൂർ ജില്ല പോലീസ് ഓഫീസിലും തൃശ്ശൂർ ജില്ല സായുധ സേന ഡെപ്യൂട്ടി കമാണ്ടന്റിന്റെ ഓഫീസിലും സ്വീകരിക്കുന്നതാണ് . ദർഘാസിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തൃശ്ശൂർ ജില്ല പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ നിരതദ്രവ്യത്തിനു തുല്യമായ തുകയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യണം . ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലം വിളിച്ച തുക/ ദർഘാസ് തുക ഇതിൽ ഏതാണോ കൂടുതൽ ആയതിനു ലേലം താൽകാലികമായി ഉറപ്പിക്കുന്നതുമാണ്. ലേലം കൊണ്ട ആൾ ലേലത്തുകയുടെ / ദർഘാസ് തുകയുടെ പകുതി സംഖ്യ ഉടൻ തന്നെ അടക്കേണ്ടതാണ് .ലേല തുകയോടൊപ്പം 18 % ചരക്കുസേവന നികുതിയായും ലേലതുകയും ചരക്കുസേവന നികുതിയും ചേർന്ന തുകയുടെ 5% വനവികസന നികുതിയായും അടച്ച് രസീത് കൈപറ്റേണ്ടതുമാണ്. ബാക്കി തുക ലേലം / ദർഘാസ് സ്ഥിരപെടുത്തിയ ഉത്തരവ് കൈപറ്റി 10 ദിവസത്തിനകം അടച്ച് സ്വന്തം ചെലവിൽ വകുപ്പിന്റെ മറ്റ് വസ്തുവകകൾക്ക് കേടുപാടില്ലാതെ മരങ്ങൾ മുറിച്ചു മാറ്റി കൊണ്ട് പോകേണ്ടതാണ് . ലേലത്തിൽ പരാജയപ്പെടുന്നവർക്ക് ലേലം കഴിഞ്ഞ ഉടനെ അവർ അടച്ച നിരതദ്രവ്യം തിരിച്ച നൽകുന്നതായിരിക്കും .

ലേലം കൊണ്ട ആൾ മേൽപറഞ്ഞ നിബന്ധനകൾ ലംഘിച്ചാൽ ടിയാൻ കെട്ടി വച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും മരങ്ങൾ പുനർ ലേലം ചെയ്യുന്നതുമാണ്. പുനർ ലേലത്തിൽ നഷ്ടം ഉണ്ടായാൽ ആയതു ആദ്യം ലേലം കൊണ്ട ആളിൽ നിന്നും ഈടാക്കുന്നതാണ് .പുനർലേലത്തിൽ കൂടുതൽ തുക കിട്ടിയാൽ ആയതിനു ടിയാൻ അവകാശിയായിരിക്കുന്നതല്ല.

ലേലവസ്തുക്കൾ 2018 ആഗസ്റ്റ് മാസം 12 തിയ്യതി വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ തൃശ്ശൂർ ജില്ല സായുധ സേന ഡെപ്യൂട്ടി കമാണ്ടന്റിന്റെ അനുമതിയോടെ രാവിലെ 10 മണിക്കും 5 മണിക്കും ഇടക്കുള്ള സമയത്ത് പരിശോധിക്കാവുന്നതാണ് . യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം തൃശ്ശൂർ ജില്ല പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്. ലേലം സംബന്ധിച്ചുള്ള എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനു ബാധകമാണ് .

**<u>ലേലവസ്തുക്കൾ</u>**

| ക്രമ നമ്പർ | ഇനം | Girth (cm) BH | Height (appro.) | Timber (M3) | FW (MT) |
|---|---|---|---|---|---|
| 1 | മാവ് | 205 | 3 metres | 1.820 | 2.136/2 |
| 2 | തെങ്ങ് | - | | | |
| 3 | പ്ലാവ് | 172 | 3 metres | 1.352 | 1.309/2 |
| 4 | പ്ലാവ് (ശിഖരം) | 140 | 3 metres | 0.367 | - |

ജി എച്ച് യതീഷ് ചന്ദ്ര ഐ പിഎസ്
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : 1. ജില്ല ഇൻഫർമേഷൻ ഓഫീസർ , തൃശ്ശൂരിനു ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് 2. ബോർഡ് അംഗങ്ങൾക്ക് അറിവിലേക്കും അനന്തര നടപടികൾക്കുമായി

പകർപ്പ് : 1. എല്ലാ ജില്ല പോലീസ് മേധാവികൾക്കും, കമാണ്ടൻറുമാർക്കും അറിവിലേക്കും വ്യാപക പരസ്യത്തിനുമായി. 2. തൃശ്ശൂർ സിറ്റിയിലെ എല്ലാ ഓഫീസർമാർക്കും അറിവിലേക്കും വ്യാപക പരസ്യത്തിനുമായി. 3. സെക്രട്ടറി, തൃശ്ശൂർ നഗരസഭ. 4.സെക്രട്ടറി, വിൽവട്ടം പഞ്ചായത്ത് . 5. സ്റ്റോക്ക് ഫയലിലേക്ക് . 6. നോട്ടീസ് ബോർഡിലേക്ക്